# ST. MARY'S INDIAN ORTHODOX CHURCH

(PILGRIM CENTRE)

RAS-AL-KHAIMA, UAE




# മാവൂർബ


ലക്കം : 34

March 2020


## "കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും കുരിശുമരണവും ഉയിർപ്പും വാഴ്ത്തപ്പെട്ടതാകുന്നു"



**പി**താവാം ദൈവവുമായുള്ള അനുരഞ്ജനവും സ്വർഗ്ഗീയ അവകാശവും സാക്ഷാത്കൃതമാകുന്നത് കർത്താവിന്റെ ഉയിർപ്പിലൂടെയാണ്. ഈ സന്ദേശം മരണത്തെ ഭയപ്പെട്ടു കഴിഞ്ഞിരുന്ന മനുഷ്യർക്കു ജീവന്റെ സന്ദേശമായിരുന്നു.

മരണമുള്ള മനുഷ്യനു മരണമല്ല ജീവനാണ് ദൈവം ആഗ്രഹിക്കുന്നതെന്നും വിധിച്ചിരിക്കുന്നതെന്നും കർത്താവിന്റെ ഉയിർപ്പ് നമ്മളോട് ഉദ്ഘോഷിക്കുന്നു. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (വി. യോഹ.11:25) പാപത്തിന്റെയും മരണത്തിന്റെയും അന്ധകാരം മാറി പ്രത്യാശയുടെയും ജീവന്റെയും പ്രകാശം വിതക്കപ്പെട്ട ദിവസമാണ് ഉയിർപ്പ് ദിവസം. ലോകത്തെ ജയിക്കുവാൻ കർത്താവിന്റെ സാന്നിദ്ധ്യം നമ്മോടു കൂടെയുണ്ട് എന്ന വാഗ്ദാനവും ലഭിച്ചത് ഈ ദിവസമാണ്. ആയതിനാൽ നമ്മുടെ അനുഗ്രഹത്തിന് മുഖാന്തിരമായി തീർന്ന കർത്താവിന്റെ കഷ്ടാനുഭവവും കുരിശു മരണവും ഉയിർപ്പും ധ്യാനിക്കുന്ന ഈ ദിവസങ്ങളിൽ നമ്മെ തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കാം. ഈ ലോകത്തു പടർന്നു പന്തലിക്കുന്ന കൊറോണ എന്ന മഹാവ്യാധിക്കെതിരെ ദൈവ സന്നിധിയിൽ മുട്ടിപ്പായി പ്രാർത്ഥിക്കാം.

**ഏവർക്കും ഉയിർപ്പ് പെരുന്നാളിന്റെ ആശംസകൾ നേരുന്നു**

## Message from Vicar



# Great Lent – an Intimate Journey to God.

The season of Great Lent is the time of preparation for the feast of the Resurrection of Christ. It is the living symbol of man's entire life which is to be fulfilled in his own resurrection from the dead with Christ. It is a time of renewed devotion: of prayer, fasting, and almsgiving. It is a time of repentance, a real renewal of our minds, hearts and deeds in conformity with Christ and his teachings. It is the time, most of all, of our return to the great commandments of loving God and our neighbors.

Great Lent is not a season of morbidity and gloominess. On the contrary, it is a time of joyfulness and purification. We are called to "anoint our faces" and to "cleanse our bodies as we cleanse our souls."

Let us begin the lenten time with delight… let us fast from passions as we fast from food, taking pleasure in the good words of the Spirit, that we may be granted to see the holy passion of Christ our God and his holy Pascha, spiritually rejoicing.

Trying to achieve difficult goals can be overwhelming. Where do we begin and where do we go from here? As with many things in life, the steps along the path of a life in Christ are steadiest when they are small, manageable, incremental, continuous, and sustained. What is important is that you try, that you put in the effort, that you push yourself a little bit past your comfort level. Let me put some examples below….

Stop "devouring" your neighbor. Just stop. And stop using it as an excuse. If you need professional anger management counseling, get it. This does not mean that you have to become best friends with your neighbor or co-worker. But you can act like a normal, civilized, polite, kind, and tactful human being; and not only during Great Lent.

Help somebody in need. Do not try to help everyone or to fix everybody's problems. Pick one need that is very manageable for you and offer help. Do this once during Lent. We have to start somewhere.

Forgive a debt. Pick the smallest one, if you must. Find someone who "owes you one" and tell them that they owe you nothing, and if they ever need more help, you'd be happy to help. Next time you recite the Lord's prayer, think about its words carefully. Do this once during Lent.

Give up a grudge. Just one small grudge. You do not have to talk to the person who offended you, you do not have to send them letters or even post cards. You do not have to like what that person did or did not do. Just stop making ugly faces every time you think about this person, give up the grudge, and move on with your own life.

Start praying. No, you do not need to dress in a sack and ring bells as you enter your "prayer Room" (St.Mat 6:6). Recite one prayer in the morning and one in the evening during the first week of Lent. In the second week, recite two. By Passion Week, you could be at seven prayers. The numbers are less important than the effort you put in, but if you put in the effort, you will have the numbers as well.

If "all these things have you kept from your youth" (St.Mat 19:20), and you are already really good at all this, challenge yourself with more difficult things. Maybe you could give your possessions to the poor (21) or at least challenge yourself and see what happens. Maybe you could devote some part of your time to feeding the hungry or looking after the sick (St.Mat 25:35, 36), teaching children in poor school districts, building houses for the homeless. Pick something, stick with it, and see what happens. Great Lent is a perfect time to give this some serious thought.

So,Lent is an exercise meant to help us break free from these bonds of material necessity so we could redirect our efforts towards spiritual development. This involves separation from the world (understood as passions) through fasting completed by a more rigorous preoccupation with reaching closeness to God through the Christian works.

It is our repentance that God desires, not our remorse. We sorrow for our sins, but we do so in the joy of God's mercy. We mortify our flesh, but we do so in the joy of our resurrection into life everlasting.

So let us all prepare for the resurrection during Great Lent, both Christ's Resurrection and our own.

In His service
Joe achen.



# Editorial

**മറയുന്ന സാഹോദര്യവും തകരുന്ന മൂല്യങ്ങളും ഈ കാല ഘട്ടത്തിന്റെ വെല്ലുവിളിയാണ്.**

വലിയ തിരക്കുള്ള ലോകത്താണ് നമ്മൾ ജീവിക്കുന്നത്. സമ്പത്തിന്റെ അടിസ്ഥാനത്തിൽ പുരോഗതി മാത്രം ലക്ഷ്യം വച്ചുള്ള നെട്ടോട്ടം. ലോകത്തു എമ്പാടും നവ മാധ്യമങ്ങളും യുവ തലമുറയും തിരക്കിന്റെയും ക്ഷണഭംഗുരമായ സുഖങ്ങളുടെ പിന്നാലെ പായുന്നു. സ്വന്തം ചെറിയ നേട്ടങ്ങളിൽ പോലും വലിയ അഭിമാനവും വ്യാപക പരസ്യവും നൽകാൻ യാതൊരു മടിയുമില്ല. മറ്റുള്ളവരുടെ ചെറിയ തെറ്റുകൾ പോലും പർവ്വതീകരിക്കാൻ വെമ്പൽ കാണിക്കുന്നു.

വിളക്ക് മരങ്ങളിൽ കരിന്തിരി  കത്തുന്നതാണ്, നമ്മുടെ കാല ത്തിന്റെ പ്രതിസന്ധി. മാതൃകകൾ ഇല്ലാതെ പോകുന്നു. പ്രതി ഫലം പ്രതീക്ഷിച്ചും നേട്ടങ്ങളിൽ നോട്ടമിട്ടും ചെയ്യുന്നവർ യഥാർത്ഥ സ്നേഹിതരല്ല. എന്നാൽ കാർമേഘപടലങ്ങളിലും രജതരേഖ പോലെ ആത്മാർത്ഥമായ സ്നേഹത്തിന്റെ പ്രകാശം പരത്തുന്ന ചിലരെയെങ്കിലും നമുക്ക് കാണാൻ കഴിയും. നമ്മുടെ വേരുകളും ഉറവകളും ക്രിസ്തു കേന്ദ്രികൃതമല്ലാതായി തീരുന്നു. കാലം കടന്നു പോകുമ്പോൾ ബന്ധങ്ങളുടെ ഊഷ്മളതയും  കടപുഴകി ഇല്ലാതാവുന്നു.

കുട്ടികളും കൗമാരക്കാരും സോഷ്യൽ മീഡിയായുടെ ആസക്തിയുടെ കെണിയിൽ പെട്ട് ജീവിതത്തിന്റെ നേർവഴി നഷ്ടപ്പെടുന്നു. സ്വാഭാവികമായ ബന്ധങ്ങളിൽനിന്നും ഉൾവലിഞ്ഞു ഇന്റർനെറ്റും സോഷ്യൽ മീഡിയയും നിർമ്മിക്കുന്ന വിർച്യുൽ ലോകത്തേക്ക് ഉൾവലിയുന്നു. കാണപ്പെടുന്ന  സഹോദരനും ദൈവവുമായും ദൃഢമായ ഒരു ബന്ധം ഉണ്ടാ യിരുന്ന ഒരു സഭയും, സമൂഹവും ആയിരുന്നു നാം. ആധുനിക ജീവിതത്തിന് എവിടെയോ വച്ച് ഈ ബന്ധം വിച്ഛേദിക്കപ്പെടുകയോ

അഴിഞ്ഞു പോകുകയോ ചെയ്തു. മാധ്യമങ്ങൾ നിർണ്ണായകമായ വിധത്തിൽ മനുഷ്യന്റെ തീരുമാനങ്ങളെ സ്വാധീനിക്കുന്നു. മനുഷ്യന് ദൈവം കൽ പ്പിച്ചു അനുഗ്രഹിച്ചു ദാനം തന്ന, ഈ ഭൂമിയിൽ ജീവിക്കു വാനുള്ള അവകാശത്തിന്മേൽ, സ്വാതന്ത്ര്യത്തിന്മേൽ ചില പ്രത്യേക വിഭാഗം ചൂഷകരുടെ കൈകടത്തലാണ്, ഈ വർത്തമാന കാലഘട്ടത്തിന്റെ പ്രതിസന്ധി.  ഓരോ വ്യക്തികൾ തമ്മിലുള്ള വ്യത്യാസം ചിന്താധാരകളിലുള്ള വ്യത്യാസം മാത്രമാണ്. ഒരേ മാതൃത്വത്തിൽ പിറന്നതാണ് എന്ന തിരിച്ചറിവാണ് ഓരോ ദൈവ സൃഷ്ടിയുടെയും പശ്ചാത്തലം.

സാഹോദര്യം ഇല്ലാതായാൽ നമ്മുടെ പിതാക്കന്മാർ പ്രാർത്ഥന പൂർവ്വം കാത്ത് സൂക്ഷിച്ച, പകരം വെക്കാൻ കഴിയാത്ത ധാർമ്മികതയാണ്, മൂല്യങ്ങളാണ് അടർന്നു വീഴുന്നത്.

ഈ ഭൂമിയും അവശേഷിക്കേണ്ടത് ദൈവീക മൂല്യങ്ങളാണ്. നിലനിൽക്കേണ്ടത് സാഹോദര്യവും.

കഴിഞ്ഞ ഒരു വർഷക്കാലം മാവുർബോയുടെ എഡിറ്ററായി പ്രവർത്തിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ പ്രസിദ്ധീകരണത്തിനുവേണ്ടി സഹായം ചെയ്ത, പ്രോത്സാഹനം തന്ന വികാരി അച്ചൻ, ഇടവക ട്രസ്റ്റി, സെക്രട്ടറി, പരസ്യം തന്നു സഹായിച്ചവർ, ചെറുതും വലുതുമായി ഇതിന്റെ പ്രവർത്തനങ്ങളിൽ കൂടെനിന്ന എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. തുടർന്നും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു

ജിനു എസ് തങ്കച്ചൻ



**വിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ**

# മാവൂർബ


Printed & Published by:

St. Marys Indian Orthodox Syrian Church, Rak

Rev. Fr. Joe Mathew (Vicar)

Mr. Ginu S. Thankachen (Chief Editor, Mavoorba)

Dr. Arun Koshy (Trustee 0508882783)

Mr. Sam K. Mathew (Secretary 0509599814)



# Church Worship Timings

Tuesday : 7.30 pm - Evening Prayer & Madhyastha Prarthana (Nakheel Church)

Thursday : 7.30 pm - Evening Prayer (Jazeera Church)

Friday : 7.00 am - Night Prayer

7.30 am - Morning Prayer & Holy Qurbana (Jazeera Church)

7.30 pm - Evening Prayer

Every 1st and 3rd Saturday 7.30 pm Evening Prayer & Holy Qurbana (Nakheel Church)

Every 2nd and 4th Saturday & all Wednesday 8.00 pm Area Prayer Meeting

എല്ലാ ദിവസവും പ്രഭാത പ്രാർത്ഥനയും സന്ധ്യാ നമസ്ക്കാരം ജസ്സീറ പള്ളിയിൽ നടത്തപ്പെടുന്നു.

**കൂടുതൽ വിവരങ്ങൾക്ക്** : 050 268 2681 / 050 370 33 21 (Vicar) / 050 530 33 21 (Caretaker)

## അദ്ധ്യാത്മീക സംഘടനാ വാർത്തകൾ

**ഓർത്തോഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം** എല്ലാ മാസവും 1 & 3 വെള്ളിയാഴ്ചകളിൽ വി. കുർബാന യ്ക്കു ശേഷം ഓഫീസ് കെട്ടിടത്തിൽ കൂടുന്നു.
Secretary : Mrs. Seena Sam - 050 1850184

Newly Elected OCYM Officials 2020 - 2021

Vice President : Mr. Shajan Thomas Mathew
Secretary : Mr. Febin G John
Treasurer : Mr. Vinod Papachen
Jt.Secr : Mr. Renny Daniel Johns
Librararian : Mr. Biju C Abraham

**മർത്ത് മറിയം വനിതാ സമാജം** എല്ലാ മാസവും 2 & 4 വെള്ളിയാഴ്ചകളിൽ വി. കുർബാനയ്ക്കു ശേഷം ഓഫീസ് കെട്ടിടത്തിൽ കൂടുന്നു
Secretary : Mrs. Mini Vinod - 050 4328 898

Newly Elected MMVS Officials 2020 - 2021

Secretary : Mrs.Susha John
Treasurer : Mrs.Jincy John
Jt.Sec : Mrs. Shiely Stanly
Jt.Sec : Mrs.Sheela Koshy

**എം. ജി. ഒ. സി. എസ്. എം** എല്ലാ മാസവും 1-ാം ശനിയാഴ്ച വൈകിട്ട് 6.30 ന് നഖീൽ ദേവാലയത്തിൽ നടത്തപ്പെടുന്നു. Secretary : Mr. Justy Jacob - 050 3714788

**സൺഡേ സ്കൂൾ** വെള്ളിയാഴ്ചകളിൽ വി. കുർബാന യ്ക്ക് ശേഷം ജസീറ ദേവാലയത്തിൽ നടത്തപ്പെടുന്നു.
Head Master : Mr. Koshy Varghese - 971 55 950 5026

**ഗായക സംഘം** പരിശീലനം എല്ലാ വ്യാഴ്ചഴ്ചയും വൈകിട്ട് 7.30 ന് ജസീറ / നഖീൽ ദേവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.
Choir Leader : Mr. Saji Varghese- - 050 3748785

**പ്രാർത്ഥന യോഗങ്ങൾ** എല്ലാ മാസവും 2 & 4 ശനിയാഴ്ചകളിലും എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് 8 മണി മുതൽ നടത്തുന്നു.
Secretary : Mr. Saji Varghese- - 050 3748785

Newly Elected Prayer group Secretary 2020 - 2021

Mr. Geevarghese Rajumon

## Congratulations to the newly elected church officials 2020-2021.


Fr. Joe Mathew
Vicar


Mr. Stanley Thompson
Hon. Treasurer


Mr. Binu Varghese
Hon. Secretary

### Managing Committee Members


Mr. Dejy Paulose
Ward A


Mr. Saji Varghese
Ward B


Mr. Geevarghese T. Sam
Ward C


Mr. Joseph Varghese
Ward D


Mr. Raju P.A.
Ward E


Mr. Aji Chacko
Ward F


Mr. Renny Daniel Johns
Ward G


Mr. Vinod Ninan
Ward H


Mr. Jinu C Varghese
Ward I


Mr. Shibu K.
Ward J


Mr. Ginu S Thankachen
Ward K


Dr. Arun Koshy
Ex.Officio

### Internal Auditors :


Mr. Easo Varghese


Mr. Job I Chacko

### Prayer secretary


Mr. Geevarghese Rajumon

# കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ (പാമ്പാടി തിരുമേനി) 55–ാം ഓർമ്മ (പാമ്പാടി ദയറാ)



കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്
(പ. പാമ്പാടി തിരുമേനി, 1885 - 1965)

പാമ്പാടി പേഴമറ്റത്ത് ചാക്കോച്ചൻ - ഇളച്ചി ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. ജനനം 5 - 4 - 1885. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാന്റെയും കോനാട്ട് മാത്തൻ മല്പാന്റെയും കീഴിൽ പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം. 5 - 2 - 1899 ൽ ശെമ്മാ ശുപട്ടം കടവിൽ പൗലോസ് മാർ അത്താനാസ്യാസ് നൽകി. 1906 ജൂലൈ 28 - നു പാമ്പാടി വലിയപള്ളിയിൽ വച്ച് കശ്ശീശാപട്ടവും ജൂലൈ 29 - ന് റമ്പാൻ സ്ഥാനവും മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിൽ (പിന്നീട് ഒന്നാം കാതോലിക്കാ) നിന്നു സ്വീകരിച്ചു.

16 - 2 - 1929 ന് പ. ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് ഗ്രീഗോറിയോസ് എന്ന പേരിൽ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു. 1934 ജൂൺ 1 - ന് സ്വർണ്ണ വെള്ളിയാഴ്ച മെത്രാപ്പോലീത്താ സ്ഥാനം നൽകി. കോട്ടയം മെത്രാസനത്തിന്റെ ചുമതല വഹിച്ചു (1929 - 1965).

കുന്നംകുളത്ത് പ്ലേഗ് പടർന്നു പിടിച്ചപ്പോൾ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ നിർദ്ദേശപ്രകാരം അവിടെയെത്തി കുന്നംകുളം നസ്രാണികളെ ആശ്വസിപ്പിക്കുകയും അവർക്കു വേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ആ ബാധ നീങ്ങിപ്പോയി. ഈ സംഭവത്തിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും കുന്നംകുളം നസ്രാണികൾ അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളിൽ സമൂഹമായി പോയി സംബന്ധിക്കുന്നു.



1965 ഏപ്രിൽ 5 - ന് പാമ്പാടി ദയറായിൽ ദിവംഗതനായി. ഏപ്രിൽ 6 - നു പള്ളിയോട് ചേർന്ന് വടക്കുഭാഗത്ത് അദ്ദേഹത്തെ കബറടക്കി.

മാതൃകാപരമായ ദയറാ ജീവിതത്തിന്റെ ഉടമ, അതിമനോഹരമായ സുറിയാനി കൈയക്ഷരം, മികച്ച പ്രാർത്ഥനാ ജീവിതം, മാതൃകാപരമായ ലാളിത്യം എന്നിവയുടെ പേരിൽ പ്രശസ്തനായ അദ്ദേഹത്തെ ഒരു **പരിശുദ്ധനായി** സഭ അനൗദ്യോഗികമായി പരിഗണിക്കുന്നു. പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിലും പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിലും അദ്ദേഹത്തിന്റെ പേരിൽ മദ്ബഹാകൾ സ്ഥാപിച്ചിട്ടുണ്ട്.

മലങ്കര സഭയുടെ അപ്രഖ്യാപിത പരിശുദ്ധൻ......
പാമ്പാടി തിരുമേനി (കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്)

ജനന ദിവസവും, കാലം ചെയ്ത ദിവസവും ഒരേ ദിവസമായിട്ടുള്ള ഏക പിതാവ് / പരിശുദ്ധ പരുമല തിരുമേനിയുടെ അരുമ ശിഷ്യൻ / പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ശിഷ്യൻ ആയിരുന്ന പിതാവ് / പരിശുദ്ധ പരുമല തിരുമേനിയുടെ അംശവടി അവസാനമായി ഉപയോഗിച്ച പിതാവ്. / കാലം ചെയ്ത സമയത്തു നിലച്ച വാച്ച് ദയറിയിൽ ഇപ്പോളും സൂക്ഷിച്ചിട്ടുണ്ട്. / മലങ്കര സഭയിൽ പരിശുദ്ധന്മാരുടെ ഓർമ്മ പെരുന്നാളിൽ മാത്രം ചൊല്ലുന്ന നയവാൻ പന പോലെ തളിർത്തിടമേ...എന്ന ധൂപ പ്രാർത്ഥന ഓർമ്മ പെരുന്നാളിൽ ചൊല്ലുന്ന ഏക പിതാവ് / കബറിടം പാമ്പാടി ദയറ (മീനടം പഞ്ചായത്തിൽ) / മലങ്കര സഭയിൽ അപ്രഖ്യപിത പരിശുദ്ധന്മാരുടെ പേരിൽ പള്ളിയുള്ള ഏക പിതാവ് (മഹാരാഷ്ട്ര ഗുജറാത്ത് അതിർത്തിയിലെ കിർക്ക് എന്ന സ്ഥലത്തു), കുന്നംകുളത്തു ചാപ്പൽ / മലങ്കര സഭയിൽ അപ്രഖ്യാപിത പരിശുദ്ധമാരുടെ പേരിൽ ത്രോണോസ് ഉള്ള ഏക പിതാവ് (പുതുപ്പള്ളി പള്ളി, തൊട്ടക്കാട് പള്ളി, കൂട്ടിക്കൽ പള്ളി, etc.) / മലങ്കര സഭയിൽ അപ്രഖ്യാപിത പരിശുദ്ധമാരുടെ പേരിൽ കുരിശ്ശിൻ തൊട്ടികൾ ഉള്ള ഏക പിതാവ് / (പാമ്പാടി, മീനടം, ഞാലിയാകുഴി, മാവേലിക്കര, കുന്നംകുളം etc.)/ മലങ്കര സഭയുടെ ചരിത്രത്തിൽ തന്നെ പ്ളേഗ് പടർന്നു അനേകർ മരണത്തിൽ ചേർക്കപ്പെട്ടപ്പോൾ ആ കുന്നംകുളം ദേശത്തു എത്തി അവർക്ക് വേണ്ടി പ്രാർത്ഥിച്ചു, ഉപവാസം അനുഷ്ഠിച്ചു ആ രോഗം പൂർണ്ണമായും ഇല്ലാതെ ആക്കിയ പിതാവ് / അനേകർക് ജീവിത ആശ്വാസം നൽകിയ പിതാവ് / വരൾച്ചയെ തുടർന്ന് കഷ്ടത്തിൽ ആയ ദേശക്കാർക്കു ഉപവാസവും, പ്രാർത്ഥനയിലൂടെയും പേമാരിയെ വർഷിപ്പിച്ച പിതാവ് / അനേകരുടെ ആശാ കേന്ദ്രമായ കബറിടം / അപേക്ഷിക്കുന്നവർക്കു വേണ്ടി നമുക്ക് മദ്ധ്യസ്ഥത യാചിക്കുന്ന പിതാവ്

**പരിശുദ്ധ ദൈവമാതാവിന്റെയും**
**പരിശുദ്ധ പരുമലതിരുമേനിയുടെയും പ്രാർത്ഥനമുറികളുടെ കൂദാശ**
**ബഹുമാനപ്പെട്ട ഇടവകവികാരിയുടെ മുഖ്യ കാർമികത്വത്തിൽ നിർവഹിക്കപ്പെട്ടു.**




# ആദരാഞ്ജലികൾ



ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാനത്തിന്നായ്

1. Mr. K.J. Jacob(85) father of Mr.Thomas Jacob (Reg. 258,T-06)
2. Mrs. Eliyamma Yohannan (91) mother of Mr.Varghese Yohannan (Reg -75,V-03)
3. Mr. P.O.David (89)father of Mr.Thomson P.David Reg.279,T-09)
4. Mrs.Ammini Alexander (78) mother of Mr.Saiji Alexander (Reg.180,S-07)
5. Mrs. Baby Thompson (82) mother of Mr. Joy Thompson (Reg.39,J-07) & Mr.Stanly Thomson (Reg.64,S-03)
6. Mrs.Leelamma Thomas(62) Mother of Mr.Anish Thomas (Reg.143,A-11)
7. Mrs. Saramma Abraham(79) mother in law of Mr. Jacob Tharakan (Reg.345,J-33)
8. Mrs. Aleyamma pappachen(82) mother of Mr.Varghese P.P (Reg.290,V-11)
9. Mrs. Leyamma Sammuel(68) mother of Mr. Moncy P Samuel (Reg.330,M-15)
10. Mr. Simon Nelson(65)father in law of Mr.Jayan George (Reg.358,J-35)
11. Mr. Anil(32) son in law of Mr.Varghese C. I (Reg.442,V-19)
12. Mrs. Aleyamma Thomas(84) mother of Mr. Thompson K. T (Reg.141,T-03)

## KIDS CORNER



### BIBLE QUIZ 6

1.When did the lord speak to Joshua to become the new leader?

2.Whose geneology does Mathew 1 begin with?

3.What does the name Emmanuel mean?

4.What were the name of Ruth's son?

5.What was the name of the man who early went to Shiloh?

6.Name of Samuel's wife?

7.Who was the priest that watched Hannah?

8.Son of Hannah?

9.Son of David?

10.Which king of Babylon besieged?

Kindly send your answers to mavoorbasmoc@gmail.com on before 03-04-2020. Winners list will be published in the next edition and one will be awarded through the draw

# നന്ദി



Sam K. Mathew

കർത്താവിൽ പ്രിയരേ, എങ്ങനെ തുടങ്ങണം എന്ത് പറയണം എന്നറിയില്ല. എല്ലാ പദങ്ങളുടെയും ആത്മാവ് നഷ്ടമാകുന്ന ഒരു കാലഘട്ടത്തിൽ കൂടിയാണ് നമ്മൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത്. മാനവരാശിയെ മുഴുവൻ കടന്നാക്രമിച്ചുകൊണ്ടു ഒരു വൈറസ്. മനുഷ്യന്റെ കണക്കുകൂട്ടലുകൾ മാറ്റിമറിച്ചു ജീവിതത്തിന്റെ താളം തെറ്റിക്കാൻ അതിനു കഴിഞ്ഞു. എവിടെത്തിരിഞ്ഞാലും കരളലിയിക്കുന്ന കാഴ്ചകൾ. രോഗികളുടെ കണക്കും മരണവും മാത്രം. കൺകോണുകളിൽ അറിയാതെ ഈറനണിയും. പേടിച്ചു വീടടച്ചിരിക്കുന്ന മനുഷ്യൻ. അഹന്തയായിരുന്നു നമ്മൾക്ക്. ഞാൻ എന്ന ഭാവം. പട്ടം പറപ്പിക്കുമ്പോൾ കുട്ടികളിലുള്ള അഹന്ത അത് അവരാണ് നിയന്ത്രിക്കുന്നത് എന്നാണു. എന്നാൽ പിന്നീടെപ്പോഴോ ഒരു നിമിഷത്തിൽ തിരിച്ചറിയുന്നു, നമ്മളല്ല മറിച്ചു കാറ്റാണ് പട്ടത്തെ നിയന്ത്രിച്ചത് എന്ന്. അതറിയുമ്പോഴേക്കും ഒരുപാട് വൈകിയിട്ടുണ്ടാവും.

പഴയ സാധനങ്ങൾ ലേലം ചെയ്യുന്ന ഒരു കടയിൽ എല്ലാ സാധനങ്ങളും വിറ്റു പോയപ്പോൾ അവശേഷിച്ചത് ഒരു വയലിൻ മാത്രമാണ്. . തന്ത്രികൾ പൊട്ടി പൊടിപിടിച്ച ഒരു വയലിൻ. :"ഒരു ഡോളർ" എന്ന് കടക്കാരൻ വിളിച്ചു പറയുമ്പോൾ "രണ്ടു ഡോളർ" എന്ന് പോലും പറയാതെ വന്നവർ മടങ്ങി പോയപ്പോൾ കൂട്ടത്തിൽ നിന്നൊരാൾ കടയിലേക്ക് കയറി. തന്ത്രികൾ കെട്ടി, പൊടി തട്ടിക്കളഞ്ഞു ബോയെടുത്തു അയാൾ ആ വയലിൻ മീട്ടിത്തുടങ്ങി. മനോഹരമായ ഗീതം! മടങ്ങിപോയവർ തടിച്ചു കൂടി... ഗാനം നിലച്ചപ്പോൾ അയാൾ പറഞ്ഞു "അഞ്ചു ഡോളർ" പത്ത്.. ഇരുപതു.. ജനക്കൂട്ടം വിളിച്ചു പറഞ്ഞു. നേരം വൈകിയിട്ടും ലേലത്തുക നിർണ്ണയിക്കാനായില്ല. എങ്ങനെയാണ് ഈ മാറ്റം സംഭവിച്ചത്? ഇത്ര മൂല്യം ഈ വയലിന് ലഭിച്ചത്... കൂട്ടത്തിൽ ഒരു വൃദ്ധൻ പറഞ്ഞു. 'The Masters touch has made the difference'.. ഗുരുവിന്റെ സ്പർശനമാണ് ഈ മാറ്റം ഉണ്ടാക്കിയത്. രൂപാന്തരീകരണത്തിന്റെ സമയമായി... ജീവിതത്തിനു ഒരു മാറ്റം സംഭവിക്കണമെങ്കിൽ ദൈവത്തിന്റെ സപ്ർശനം നമുക്കാവശ്യമാണ്.

കഷ്ടതകളിലും പ്രയാസങ്ങളിലും ഉപവസിച്ചു പ്രാർത്ഥിച്ചവനാണ് മോശ. ജനത്തെ തള്ളിപ്പറഞ്ഞു മോശയ്ക്ക് മൗനമായിരിക്കാമായിരുന്നു. ഇസ്രായേൽ ജനം അനുഭവിക്കുന്ന കഷ്ടതകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും വിടുതൽ ലഭിക്കണമെന്ന ലക്ഷ്യം മുന്നിൽകണ്ട് രാവും പകലും ഉപവസിച്ചു പ്രാർത്ഥിച്ചു അവൻ വിടുതൽ സാധിച്ചെടുത്തു. മറ്റുള്ളവർക്കുവേണ്ടി ഉപവസിച്ചു പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കാറുണ്ടോ നാം സ്വീകരിച്ച ക്രിസ്തുവിലുള്ള വിശ്വാസം നമ്മുടെ പ്രവർത്തിയിൽ പ്രകടമാകാറുണ്ടോ? ജീവിതത്തിന്റെ ഇരുട്ടറയിൽ തപ്പിത്തടയുന്നവർക്കും പുറമ്പോക്കിൽ ഉപേക്ഷിക്കപ്പെട്ടവർക്കും തുണയാവാൻ നമുക്ക് സാധിക്കാറുണ്ടോ...? നമ്മൾ എന്നും പണത്തിന്റെയും സ്ഥാനമാനങ്ങളുടെയും പുറകെയാണ്. എനിക്ക് ഒന്നിനോടും താല്പര്യമില്ല എന്ന് പറയുകയും ഒളിഞ്ഞും തെളിഞ്ഞും തനിക്കും തന്റെ ഉറ്റവർക്കും ഉയരാൻ വേണ്ടി പദ്ധതികൾ തയ്യാറാകുകയും ചെയ്യുന്ന കപട മുഖമാണ് നാം ഓരോരുത്തവരും അണിഞ്ഞിരിക്കുന്നത്. ഒരു മോചനം നമുക്കാവശ്യമാണ്. തൊട്ടരികിൽ നിൽക്കുന്ന സഹോദരന്റെ വേദന കാണാൻ സാധിക്കണം... നമ്മുടെ കരങ്ങൾ അവനിലേക്ക് നീട്ടാൻ സാധിക്കണം... നമുക്കെന്നപോലെ അവനു വേണ്ടിയും പ്രാർത്ഥിക്കാൻ സാധിക്കണം... ഈ മഹാവിപത്തിൽനിന്നു ദൈവം നമ്മെ കരകയറ്റട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയാലും ഉപവാസത്താലും നമുക്കതു സാധിക്കട്ടെ.

കഴിഞ്ഞ ഒരു വർഷക്കാലം ഇടവകയുടെ സെക്രട്ടറി ആയി സേവനം അനുഷ്ഠിക്കാൻ ലഭിച്ച കൃപയെ ഓർത്തു ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഒരിക്കൽ പോലും ഏല്പിച്ച ഉത്തരവാദിത്വം ഒരു ഭാരമായി തോന്നിയിട്ടില്ല. ആരെയും വേദനിപ്പിച്ചിട്ടില്ല ..പ്രതിബന്ധങ്ങളെയൊക്കെ തരണം ചെയ്യാൻ സാധിച്ചു...ഒത്തൊരുമയോടെ ഈ മാനേജിങ് കമ്മിറ്റിയ്ക്ക് ആത്മാർത്ഥമായി പ്രവർത്തിക്കാൻ സാധിച്ചു എന്ന് തന്നെയാണ് വിശ്വാസം. അത് നിങ്ങൾ നല്ലവരായ ഇടവക ജനങ്ങൾ ഈ മാനേജിങ് കമ്മിറ്റിയിൽ ഏല്പിച്ച വിശ്വാസമാണ്. ഒപ്പം ഈ ഇടവകക്ക് ഒരു പുത്തൻ ആത്മീയ ഉണർവ്വ് നൽകുകയും മാനേജിങ് കമ്മിറ്റിക്കുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും ഉപദേശങ്ങളും തരികയും ചെയ്യുന്ന ഇടവക വികാരി ജോ മാത്യു അച്ചൻ, തോളോട് തോൾ ചേർന്ന് പ്രവർത്തിച്ച ഏവരുടേയും പ്രിയങ്കരനായ ട്രസ്റ്റീ ഡോ. അരുൺ കോശി, ഏൽപ്പിച്ച ഉത്തരവാദിത്വം ആത്മാർത്ഥതയോടും കൃത്യതയോടും ചെയ്ത എന്റെ ഓരോ മാനേജിങ് കമ്മിറ്റി അംഗങ്ങൾ, ശുശ്രൂഷകൻ അനൂപ്, ഒപ്പം ഓഡിറ്റേഴ്സ്, പ്രയർ ഗ്രൂപ്പ്, ആദ്ധ്യാത്മീക സംഘടനകൾ ഇടവക ജനങ്ങൾ, നിങ്ങൾ ഓരോരുത്തരോടുമുള്ള നന്ദിയും സ്നേഹവും കടപ്പാടും ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!